തയ്യാറാക്കി നൽകിയ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ പദ്ധതിക്ക് 43 ലക്ഷം രൂപയ്ക്കുള്ള സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 100% സാമ്പത്തിക സഹായവും 2011-12, 2012-13 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. ആയത് ചെലവഴിച്ച് പദ്ധതി നടപ്പിലാക്കേണ്ട ചുമതല നഗരസഭയിൽ നിക്ഷിപ്തമാണ്. ജില്ലയിലെ മറ്റ് നഗരസഭകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച തുക, നഗരസഭകൾ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അറിയിക്കുന്നതാണ്.

(ബി) കോംപ്രിഹെൻസീവ് വേസ്റ്റ് മാനേജ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കൊയിലാണ്ടി നഗരസഭയ്ക്ക് 43 ലക്ഷം രൂപയുടെ അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 100% സാമ്പത്തിക സഹായമായ 43 ലക്ഷം രൂപയും 2011-12, 2012-13 കാലഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 35,05,400 രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 15,86,033 രൂപയും 2011-12 വർഷത്തിൽ കൊയിലാണ്ടി നഗരസഭയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) 2014-15 വർഷത്തിൽ കൊയിലാണ്ടി നഗരസഭ വേസ്റ്റ് മാനേജ്മെന്റ് പദ്ധതികളൊന്നും തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

മുനിസിപ്പൽ കോമൺ സർവ്വീസിലെ ജെ.പി.എച്ച്.എൻ.-മാർക്കുള്ള പ്രൊമോഷൻ തസ്തികകൾ

84 (7381) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ ജെ.പി.എച്ച്.എൻ.-മാർക്കുള്ള പ്രൊമോഷൻ തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ ആകെ എത്ര ജെ.പി.എച്ച്. എൻ.-മാർ ജോലി ചെയ്യുന്നുണ്ടെന്നും അവർ ഏതെല്ലാം നഗരസഭകളിലാണ് ജോലി ചെയ്യുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) മുനിസിപ്പൽ കോമൺ സർവ്വീസിൽ നിയമനം ലഭിക്കുന്ന ജെ.പി.എച്ച്. എൻ.-മാർ അതേ തസ്തികയിലിരുന്നാണ് റിട്ടയർ ചെയ്യുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇവർക്ക് പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് നഴ്സുമാരുടെ തസ്തികയാണ് നിലവിലുള്ളത്. അവർക്ക് പ്രൊമോഷൻ തസ്തികകൾ അനുവദിച്ചിട്ടില്ല.

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ 172 തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ 164 പേർ ഇപ്പോൾ ജോലി നോക്കുന്നുണ്ട്. പ്രസ്തുത തസ്തികയിൽ വിവിധ നഗരസഭകളിൽ ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(സി) മുനിസിപ്പൽ കോമൺ സർവ്വീസിലെ രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയ്ക്ക് പ്രൊമോഷൻ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ടി തസ്തികയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ അതേ തസ്തികയിലിരുന്നുതന്നെയാണ് റിട്ടയർ ചെയ്യുന്നത്. എന്നാൽ ടി ജീവനക്കാർക്ക് കാലകാലങ്ങളിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചുനൽകുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

മുനിസിപ്പൽ കോമൺ സർവ്വീസിലെ അക്കൗണ്ടന്റ് തസ്തികകൾ

85 (7382) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിൽ അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അനിശ്ചിതാവസ്ഥയ്ക്ക് നിർദ്ദേശിക്കുന്ന പരിഹാരങ്ങൾ വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള യു.ഡി. ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കാനാണോ അതോ പുതുതായി അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) മുനിസിപ്പൽ ഡയറക്ടറേറ്റും മുനിസിപ്പൽ കോമൺ സർവ്വീസും തമ്മിൽ സംയോജിപ്പിക്കാൻ നീക്കമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ഒരു യു.ഡി. ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly